## VI. ധനകാര്യം

### 2025-2026 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധത്തിനിടയിലും ജനക്ഷേമകരമായ ബജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. രണ്ട് ബജറ്റുകളാണ് നമ്മുടെ മുമ്പിലുള്ളത്. ഫെബ്രുവരി 1-ാം തീയതി പാർലമെന്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബജറ്റാണ് അതിലൊന്ന്. രണ്ടാമത്തേത്, ഈ സഭയിൽ 7-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റ്. ബജറ്റ് കേവലം വരവ്-ചെലവ് കണക്ക് മാത്രമല്ല, സർക്കാരിന്റെ നയസമീപനങ്ങൾകൂടി വ്യക്തമാക്കുന്ന രേഖയാണ്. ആ നിലയിൽ പരിശോധിച്ചാൽ കേന്ദ്രബജറ്റ് ജനവിരുദ്ധ കോർപറേറ്റ് ബജറ്റാണെന്ന് നമുക്ക് കാണാൻ സാധിക്കും. ഇന്ത്യാ

രാജ്യത്തിന്റെ ചരിത്രത്തിൽ, സ്വാതന്ത്ര്യാനന്തരം കൃഷിക്ക് ഏറ്റവും കുറവ് വിഹിതം വകയിരുത്തിയ ബജറ്റാണ് കേന്ദ്രം അവതരിപ്പിച്ചതെന്ന് കാണാം. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമ രംഗങ്ങളിലെല്ലാം വൻതോതിലുള്ള വെട്ടിക്കുറവാണ് കേന്ദ്രബജറ്റിൽ നമുക്ക് കാണാൻ കഴിയുന്നത്. കർഷകർ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ഘട്ടത്തിൽ വളം സബ്സിഡി 3400 കോടി രൂപയാണ് വെട്ടിക്കുറച്ചത്. കൃഷിക്കാരെയും കാർഷികമേഖലയെയും സംബന്ധിച്ച് ഏറ്റവും വലിയ തിരിച്ചടിയാണുണ്ടായത്. കൊട്ടിഘോഷിക്കപ്പെട്ട പ്രധാനമന്ത്രി ഫസൽ ബീമാ യോജനക്ക് 3,622 കോടി രൂപയാണ് ബജറ്റിൽ വെട്ടിക്കുറച്ചതെന്ന് കാണാം. എസ്.സി./എസ്.ടി. മേഖലകളിൽ തുച്ഛമായ സംഖ്യ മാത്രമാണ് വകയിരുത്തിയതെന്നും നമുക്ക് കാണാവുന്നതാണ്. കാർഷികോൽപന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുമെന്നും സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നും 2016-ലെ തിരഞ്ഞെടുപ്പ് ഘട്ടത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി രാജ്യത്തെ കർഷകർക്ക് ഉറപ്പുനൽകിയതാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഈ ബജറ്റിലും അതിനുള്ള യാതൊരു നടപടികളുമുണ്ടായില്ല, താങ്ങുവില പ്രഖ്യാപനവും

വന്നില്ല. ആസിയാൻ കരാർ കോൺഗ്രസിന്റെ ഭരണകാലത്ത് ഒപ്പിട്ടതാണ്. യഥാർഥത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ മുഴുവനും കണ്ണീര് കുടിപ്പിക്കുന്ന നയമായി അതുമാറിയെന്ന് നമുക്ക് കാണാൻ സാധിക്കും. റബ്ബർ ഇറക്കുമതിയിൽ നിയന്ത്രണം വേണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും യാതൊരു പരിഗണനയും നൽകിയില്ലെന്ന് കാണാം. ചുരുക്കത്തിൽ കേന്ദ്രബജറ്റ് സമ്പന്നർക്കുവേണ്ടി മാത്രമുള്ള ബജറ്റാണെന്ന് കാണാൻ സാധിക്കും. യഥാർഥത്തിൽ രാജ്യത്തിന്റെ വിഭവം മുഴുവനും ഫെഡറൽ തത്വമനുസരിച്ച് ഓരോ സംസ്ഥാനങ്ങൾക്കും സമതുലിതമായി വിതരണം ചെയ്യേണ്ടതിനുപകരം രാഷ്ട്രീയ ലക്ഷ്യംമാത്രം വച്ചുകൊണ്ട് ബജറ്റ് ആനുകൂല്യങ്ങൾ നൽകുന്ന കാഴ്ച നമ്മൾ കാണുന്നു. ഇത്തവണ ബീഹാർ അതിന് ഏറ്റവും നല്ല ഉദാഹരണമാണെന്ന് കാണാം. ഊർജ മേഖല സമ്പൂർണമായും സ്വകാര്യവൽക്കരിക്കുകയാണ്. അതിനേക്കാൾ അപകടകരമാണ് ആണവോർജ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നത്. രാജ്യത്തിന്റെ സുരക്ഷിതത്വംപോലും അപകടപ്പെടുത്തുന്ന രൂപത്തിൽ ആണവോർജ മേഖല മുന്നോട്ടുകൊണ്ടുപോകുന്ന കാര്യം നാം കാണുകയാണ്. ഇന്ത്യാ രാജ്യത്തെ ജനങ്ങൾ മുണ്ടുമുറുക്കിയുടുത്ത്

പടുത്തുയർത്തിയതാണ് ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ. ആ സ്ഥാപനങ്ങൾ മുഴുവനും വിറ്റുതുലച്ച് മുന്നോട്ടുപോകുന്ന കാഴ്ച നമ്മൾ കാണുന്നു. വരുംവർഷങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വില്പനയിലൂടെ പത്തുലക്ഷം കോടി രൂപയുടെ വരുമാനമുണ്ടാക്കുമെന്നാണ് ബജറ്റിൽ ഉറപ്പുനൽകിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ ചില്ലിക്കാശുപോലും വർധിപ്പിക്കാൻ തയ്യാറായില്ല. പൂർണമായും കോർപറേറ്റ്വത്കൃതമായ ബജറ്റാണ് അവതരിപ്പിച്ചതെന്നുകാണാം. കേരളം ഒട്ടനവധി കാര്യങ്ങൾ കേന്ദ്രസർക്കാരിനുമുമ്പിൽ സമർപ്പിച്ചു. സാമ്പത്തിക പരാധീനതകൾക്കിടയിൽ പ്രത്യേകമായി 24,000 കോടി രൂപയുടെ പാക്കേജ് ആവശ്യപ്പെട്ടു, അംഗീകരിച്ചില്ല. വിഴിഞ്ഞത്തിനുവേണ്ടി 5000 കോടി രൂപയുടെ പാക്കേജ് ആവശ്യപ്പെട്ടു, അംഗീകരിച്ചില്ല. ദേശീയപാതാ വികസനത്തിനുവേണ്ടി കേരളം നൽകിയ 6000 കോടി രൂപയ്ക്കുപകരം കടമെടുക്കാനുള്ള സൗകര്യമെങ്കിലും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു, അനുവദിച്ചില്ല. പ്രവാസി ക്ഷേമത്തിനുവേണ്ടി 300 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടു. വിദേശനാണയ ശേഖരം നമ്മൾ പരിശോധിച്ചാൽ 21 ശതമാനവും കേരളത്തിലെ പ്രവാസികളുടെ സംഭാവനയാണെന്ന്

കാണാൻ കഴിയും. വയനാട് ദുരന്ത നിവാരണത്തിന് 2000 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും പരിഗണിച്ചില്ല. വന്യജീവി-മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി 1000 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടു, അംഗീകരിച്ചില്ല. ഒന്നും പരിഗണിച്ചില്ല. കേരളം ഇന്ത്യാ രാജ്യത്തിന്റെ ഭാഗമല്ലേ? യഥാർത്ഥത്തിൽ കേരളത്തോട് യുദ്ധ പ്രഖ്യാപനമാണ് കേന്ദ്രം നടത്തിയിട്ടുള്ളത്. 'തിളയ്ക്കണം ചോര ഞരമ്പുകളിൽ' കേരളത്തിലെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായിനിന്ന് കേന്ദ്രത്തിന്റെ ഈ ദ്രോഹനടപടികൾക്കെതിരായി, കേരള വിരുദ്ധ നടപടികൾക്കെതിരായി മുന്നോട്ടുവരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷം അതിന് സന്നദ്ധമാകുമോ? യു.ഡി.എഫ്.-ന് എൽ.ഡി.എഫ്.-നോട് വിരോധമുണ്ടാകാം. പക്ഷേ എൽ.ഡി.എഫ്.-നോടുള്ള വിരോധം കേരള ജനതയോട് മുഴുവനുള്ള ശത്രുതയായി മാറാൻ പാടുണ്ടോ? അതുകൊണ്ട് യോജിച്ച പ്രക്ഷോഭത്തിന് പ്രതിപക്ഷം മുന്നോട്ട് വരണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ സംസാരിക്കുമ്പോൾ യോജിച്ച പ്രക്ഷോഭത്തിന് സന്നദ്ധ പ്രകടിപ്പിക്കുമോയെന്നാണ് ചോദിക്കാനുള്ളത്. കേന്ദ്രത്തിന്റെ ജനവിരുദ്ധ കോർപറേറ്റ് ബജറ്റിനെതിരെ ജനകീയ ബദൽ

ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. ബാലാഗോപാൽ അവതരിപ്പിച്ചത്. 2025-ലെ കേരള ബജറ്റ് ഓർമിപ്പിക്കുന്നത് മഹാത്മാഗാന്ധിയുടെ വചനങ്ങളാണ്. 'നിങ്ങൾ ഒരു കാര്യം ചെയ്യുമ്പോൾ ഏറ്റവും അവസാനത്തെ മനുഷ്യനെ, ഏറ്റവും ദരിദ്രനായ മനുഷ്യനെ ഓർക്കുക. നിങ്ങളുടെ തീരുമാനം അയാൾക്ക് എന്തുഗുണം ചെയ്യുമെന്ന് ആലോചിക്കുക' എന്ന ഗാന്ധി വചനമാണ് ശ്രീ. കെ. എം. ബാലാഗോപാൽ അവതരിപ്പിച്ച ബജറ്റിന്റെ ഓർമ്മയിൽ കൊണ്ടുവരുന്നത്. ലൈഫ് ഭവന പദ്ധതിപ്രകാരം 427736 വീടുകൾ പൂർത്തിയാക്കി. 111306 വീടുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അതുംകൂടി പൂർത്തിയായാൽ 539042 വീടുകൾ ടി പദ്ധതിയനുസരിച്ച് നിർമ്മാണം പൂർത്തിയാകും. ലോകചരിത്രത്തിൽ ഏതെങ്കിലും ഒരു രാജ്യത്ത് ഒരേസമയം അഞ്ച് ലക്ഷം വീടുകൾ നിർമ്മിച്ച് പുനരധിവാസം നടത്തിയ സംഭവം കാണാൻ കഴിയുമോ; ഇന്ത്യയിലെ സംസ്ഥാനങ്ങൾ പോകട്ടെ, എവിടെയും കാണാൻ കഴിയില്ല. ചരിത്ര പ്രസിദ്ധമായ നടപടികളാണ് പിണറായി സർക്കാർ കഴിഞ്ഞ എട്ടുവർഷക്കാലമായി കേരളത്തിൽ നടപ്പിലാക്കിയതെന്ന് കാണാൻ കഴിയും. അടച്ചുറപ്പുള്ള വീടില്ലാത്ത ഇനിയും കുറെപേരുണ്ട്. ബഹുമാനപ്പെട്ട

ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അത് മനസ്സിലാക്കിയതിന്റെ ഭാഗമായി ഒരു ലക്ഷം പേർക്കുകൂടി വീട് നിർമ്മിക്കാനായി 1160 കോടി രൂപ ബജറ്റിൽ നീക്കിവയ്ക്കുകയുണ്ടായി. പ്രകൃതിദുരന്തങ്ങളിൽ എല്ലാം നഷ്ടപ്പെട്ട വയനാട്ടുകാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 750 കോടി രൂപ, ശ്രീമതി നിർമ്മല സീതാരാമന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെസംബന്ധിച്ച് മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. കേരളത്തിൽ ഇതാ ഈ ബജറ്റിൽ കഴിഞ്ഞതവണത്തേക്കാൾ 750 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവയ്ക്കുകയുണ്ടായി. യാത്രാക്ലേശം ഏറെ അനുഭവിക്കുന്ന വയനാടിൽ തുരങ്കപാത പൂർത്തിയാക്കുന്നതിനുവേണ്ടി 2000 കോടി രൂപയാണ് ഈ ബജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത രൂപത്തിൽ ഗ്രാമപ്രദേശങ്ങളിലെ തൊഴിലുറപ്പ് പദ്ധതി പോലെ പട്ടണപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതിയായ അയ്യങ്കാളി പദ്ധതിക്കുവേണ്ടി 180 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് 50 ഗവേഷണ പ്രോജക്ടുകൾക്ക് 10 ലക്ഷം രൂപ

വീതം നൽകിക്കൊണ്ട് പുതിയ പദ്ധതികൾ മുന്നോട്ടുവച്ചിരിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് അതിദരിദ്രർ ഇല്ലാത്ത ആദ്യ സംസ്ഥാനമായി കേരളം മാറുന്നു. പിണറായി വിജയൻ സർക്കാരിനെ ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും മുക്തകണ്ഠം പ്രശംസിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആരോഗ്യ മേഖലയ്ക്ക് 10431.37 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കാരുണ്യ പദ്ധതിയിൽ അഞ്ച് ലക്ഷം പേർക്ക് സൗജന്യ ചികിത്സ. ഭക്ഷ്യ സബ്സിഡി 2064 കോടി രൂപ. ഇത് കഴിഞ്ഞതവണത്തേക്കാൾ 131.5 കോടി രൂപ കൂടുതലാണെന്നതുംകൂടി പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. കേന്ദ്ര ഉപരോധത്തിനിടയിലും സ്വന്തം കാലിൽനിന്നുകൊണ്ട് മുന്നോട്ടുപോകാനുള്ള പരിശ്രമമാണ് കേരളത്തിലെ ധനകാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. മൊത്തം റവന്യൂ വരുമാനത്തിന്റെ 73 ശതമാനം തനത് വരുമാനമാണ്. തനത് നികുതി വരുമാനത്തിൽ, റവന്യൂ വരുമാനത്തിൽ 60 ശതമാനവും നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. കേരളത്തിന്റേത് മികച്ച പ്രകടനമാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. 2015-16-ൽ 39,004 കോടി രൂപയായിരുന്നു വരുമാനം. 2021-22-ൽ 58,359 കോടി രൂപയായി. 2023-

24-ൽ 77,058 കോടി രൂപയായി ഉയർന്നതുകാണാം. 8 വർഷംകൊണ്ട് തനത് വരുമാനം ഇരട്ടിയായി മാറി എന്നതാണ് വസ്തുത. തനത് നികുതിയേതര വരുമാനം 8,425 കോടി രൂപയിൽനിന്നും 16,853 കോടി രൂപയായി ഉയർന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ എഴുന്നേറ്റ് നിൽക്കുമ്പോഴെല്ലാം പറയുന്നത്, 'നികുതി പിരിക്കുന്നില്ല, നികുതി പിരിക്കുന്നില്ല, കെടുകാര്യസ്ഥതയാണ്, അഴിമതിയാണ്, ഉന്നതന്മാരുടെ നികുതി പരിക്കാതെ സംരക്ഷിക്കുകയാണ് എന്ന്. ഇങ്ങനെ ധൂർത്തും കെടുകാര്യസ്ഥതയുംകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണെന്നാണ് അദ്ദേഹം എപ്പോഴും പറയുന്നത്. ദയവുചെയ്ത് വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിക്കാൻ അങ്ങ് ശ്രമിക്കണമെന്നാണ് വിനയപൂർവം അഭ്യർഥിക്കാനുള്ളത്. കാടടച്ച് വെടിവയ്ക്കുന്ന അങ്ങയുടെ പരിപാടി ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്. സാമ്പത്തിക സുരക്ഷ നേടിക്കൊണ്ട് സ്വയം മുന്നോട്ടുപോകുന്ന അവസ്ഥയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. ഇന്ത്യാ മുന്നണിയുടെ നേതാവായ ശ്രീ. അരവിന്ദ് കെജ്രിവാളിന്റെ തല താലത്തിൽ വെട്ടിവച്ച് ശ്രീ. നരേന്ദ്രമോദിക്ക് സമർപ്പിച്ച സ്ഥിതിയാണ് നമുക്ക് കാണാൻ

കഴിയുന്നത്. ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്ക ഗാന്ധിയും ചേർന്നുകൊണ്ട് സമർപ്പിച്ചു. 'കണ്ടാൽ പഠിച്ചില്ലെങ്കിൽ കൊണ്ടാൽ പഠിക്കും' എന്ന് സാധാരണ പറയാറുണ്ട്. കൊണ്ടാലും പഠിക്കാത്ത പാർട്ടിയാണ് കോൺഗ്രസ് എന്ന് തെളിയിക്കുകയാണ്. ഹരിയാനയിലെയും മഹാരാഷ്ട്രയിലെയും അനുഭവങ്ങൾ, ഉത്തർപ്രദേശിലെ ഉപതിരഞ്ഞെടുപ്പ് അനുഭവങ്ങൾ എല്ലാം മനസ്സിലാക്കിയിട്ടും ഡൽഹിയിലും കാലുവാരൽ രാഷ്ട്രീയമായി മുന്നോട്ടുപോയി. രാഷ്ട്രീയമില്ലാത്ത രാഷ്ട്രീയ പാർട്ടിയായി കോൺഗ്രസ് മാറിയിരിക്കുന്ന സ്ഥിതിവിശേഷമാണ് കാണുന്നത്. ആർക്കും ആ പാർട്ടിയെ വിശ്വസിക്കാൻ കഴിയില്ല. അവർ ആ രൂപത്തിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്. കുറ്റ്യാടി മണ്ഡലം ഉൾക്കൊള്ളുന്ന വടകര താലൂക്ക് ടൂറിസം മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ ഡെസ്റ്റിനേഷനുള്ള പ്രദേശമാണ്. വടകര സാൻഡ് ബാങ്ക്, ലോകനാർകാവ്, പെരുവണ്ണാമൂഴി, ജാനകിക്കാട് ഇക്കോ ടൂറിസം സെന്റർ എന്നിവയെ എല്ലാം ബന്ധിപ്പിക്കുന്ന കുറ്റ്യാടി പൈതൃക പ്രോജക്ട് പഴശ്ശിയുടെ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. അതിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. അതിനുവേണ്ടി

അഞ്ചുകോടി എഴുപത് ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗവും ഉൽപ്പന്നവുമാണ് നാളികേരം. ഒരു കാലത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിച്ചത് കേരളത്തിലായിരുന്നു. ഇന്ന് തമിഴ്നാടിനും കർണ്ണാടകത്തിനും പിന്നിലായി മാറിയിരിക്കുന്നു കേരളത്തിന്റെ നാളികേര ഉൽപ്പാദനം. തുടർച്ചയായ വിലയിടിവ്, കാലാവസ്ഥ വ്യതിയാനം എന്നിവയുടെ ഫലമായി കൃഷിക്കാർ തെങ്ങിന് പരിചരണം നടത്താതെ മുന്നോട്ടുപോയതിന്റെ ഫലമായി നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വലിയ നിലയിലിടിഞ്ഞു. അതുകൊണ്ട് നാളികേര കർഷകരെ നാളികേര കൃഷിയിലേയ്ക്ക് തിരിച്ചുകൊണ്ട് വരുന്നതിനുവേണ്ടിയുള്ള ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. നാളികേര വികസനത്തിനായി ബജറ്റിൽ ഇപ്പോൾ 73 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ് കോഴിക്കോട് ജില്ലയിലെ ഏക ജലസേചന പദ്ധതിയാണ്. 50 വർഷം കഴിഞ്ഞ ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായുള്ള കനാലുകളും അക്വഡക്റ്റുകളും അനുബന്ധ ഭാഗങ്ങളുമെല്ലാം ഇടിഞ്ഞുപൊളിഞ്ഞ് വീഴാറായ

നിലയിലാണുള്ളത്. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ കനാൽ തുറക്കേണ്ടിവരും. കനാൽ തുറന്നുകഴിഞ്ഞാൽ എവിടെയെല്ലാം എന്തെല്ലാം പ്രയാസങ്ങളുണ്ടാകുമെന്ന് പറയാൻ സാധിക്കില്ല. അടിയന്തര അറ്റകുറ്റപണികൾക്കുവേണ്ടി അഞ്ച് കോടി രൂപമാത്രമാണ് ഇപ്പോൾ നീക്കിവച്ചിട്ടുള്ളത്. ഏറ്റവും ചുരുങ്ങിയത് 20 കോടി രൂപയെങ്കിലും അടിയന്തര അറ്റകുറ്റപണികൾക്കുവേണ്ടി മാറ്റിവയ്ക്കണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർഥിക്കാനുള്ളത്. ഞാൻ ഈ ബജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഈ ബജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ നിഴലിച്ചുനിന്നത് നിരാശമാത്രമായിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തിലും ശരീര ഭാഷയിലും അത് പ്രകടവുമായിരുന്നു. ബജറ്റ് അവതരിപ്പിച്ച മന്ത്രിക്കുതന്നെ ആത്മവിശ്വാസം നഷ്ടപ്പെട്ട നിലയിലാണ്. കേന്ദ്ര ബജറ്റിനുശേഷമായിരുന്നു കേരള ബജറ്റ്. കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പറഞ്ഞതിനോട് യോജിക്കുകയാണ്. കേന്ദ്ര ബജറ്റിൽ പ്രതീക്ഷ നഷ്ടപ്പെട്ട

നമ്മൾ കേരളത്തിലെ ബജറ്റിൽ പ്രതീക്ഷയർപ്പിച്ചു. 'കടിച്ചതിലും വലുതായിരുന്നു പുനത്തിലിരുന്നത്' എന്ന് പറഞ്ഞതുപോലെയായി. ബജറ്റ് പ്രസംഗത്തിൽ കേൾക്കുന്ന പതിവുപല്ലവിയാണ് വകയിരുത്തി, വകയിരുത്തി, വകയിരുത്തി എന്നുള്ളത്. ഇത് കാലോചിതമായി പരിഷ്കരിച്ച് ജനങ്ങളെ വകവരുത്തി, വകവരുത്തി, വകവരുത്തി എന്നാക്കിമാറ്റണം. ഉള്ളി പൊളിച്ചതുപോലെയായിപ്പോയി ഈ ബജറ്റ്. ഇതിലൊന്നുമില്ല. ക്ഷേമ പെൻഷൻ വർധിപ്പിക്കുമെന്ന് എല്ലാവരും കരുതിയിരുന്നു. ക്ഷേമ പെൻഷൻ വർധിപ്പിച്ചില്ലെന്ന് മാത്രമല്ല നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ സിമന്റ് കുട്ടിയും ഇഷ്ടിക കളത്തിൽ പണിയെടുത്തും പാറ പൊട്ടിച്ചും മെറ്റലടിച്ചും കോൺക്രീറ്റ് പണി ചെയ്തും ആശാരിപണി ചെയ്തും പെയിന്റ് പണി ചെയ്തും  അവന്റെ വിയർപ്പിന്റെ അധ്വാനം അംശദായമായി അങ്ങോട്ടടച്ച് വാർധക്യത്തിൽ മരുന്ന് വാങ്ങാമെന്ന് കരുതിയ നിർമ്മാണത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ വർഷങ്ങളായി കുടിശ്ശികയാണ്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട പദ്ധതിയാണ് ലൈഫ് പദ്ധതി. ആ ലൈഫ് പദ്ധതിയെ പിന്തുണയ്ക്കുകയാണ്. പക്ഷെ ഇപ്പോഴത്തെ സാധനസാമഗ്രികളുടെ

വില അനുസരിച്ച് എങ്ങനെ നാല് ലക്ഷം രൂപയ്ക്ക് ഒരു സാധാരണക്കാരൻ വീട് നിർമ്മിക്കും? അയലത്തുകാരിൽനിന്നുപോലും അന്തിവായ്പ ലഭിക്കാൻ മാർഗമില്ലാത്തവരാണ് സർക്കാരിന്റെ വീടും പ്രതീക്ഷിച്ച് വർഷങ്ങളായി കാത്തിരിക്കുന്നത്. ആർട്ടിസ്റ്റ് സുജാതൻ മാഷിനെപ്പോലുള്ള വ്യക്തികളെക്കൊണ്ട് ഒരു വീടിന്റെ സെറ്റ് നാടകത്തിൽ ചെയ്യിക്കണമെങ്കിൽ ലക്ഷക്കണക്കിന് രൂപ നൽകണം. പണമില്ലാത്തതിനാൽ പണിതീരാത്ത വീടുകളുടെ എണ്ണം കേരളത്തിൽ വർധിച്ചുവരികയാണ്. ഭൂമി വാങ്ങാൻ ഈ സർക്കാർ നൽകുന്നത് വെറും രണ്ട് ലക്ഷം രൂപയാണ്. അന്തരീക്ഷത്തിലും പാതാളത്തിലും രണ്ട് ലക്ഷം രൂപയ്ക്ക് വാസയോഗ്യമായ ഭൂമി ലഭിക്കുമോ? ഇപ്പോഴത്തെ സാഹചര്യത്തിൽ വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും പത്ത് ലക്ഷം രൂപയായി വർധിപ്പിക്കണം. വന്യജീവി ആക്രമണത്തെ പ്രതിരോധിക്കാൻ സംസ്ഥാന ബജറ്റിൽ 50 കോടി രൂപയാണ് വകയിരുത്തിയത്. ഇക്കാര്യം കഴിഞ്ഞ ദിവസം ഡോ. മാത്യു കുഴൽനാടൻ ഇവിടെ സൂചിപ്പിച്ചു. വന്യജീവികൾ മനുഷ്യനെ വകവരുത്തുകയാണ്. പുരയ്ക്ക് പുറത്തിറങ്ങിയാൽ പുലി പിടിക്കും അകത്തിരുന്നാൽ ചെന്താമര പിടിക്കും. മുള്ളുമുരുക്ക്, മൂർഖൻ പാമ്പ്, ആന,

മയിൽ, ഒട്ടകം, കാട്ടുപന്നി, കാട്ടുപോത്ത്, കടുവ, കാട്ടാന എന്നിവ മനുഷ്യനെ ഓടിച്ചിട്ട് കൊല്ലുകയാണ്. മാത്രവുമല്ല തെരുവുനായ്ക്കൾ കൂടി ഇറങ്ങി ആളുകളെ കൊല്ലുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നാട്ടിൽ ഒരു പിഞ്ചുബാലനെ തെരുവുനായ ഓടിച്ച് കനാലിൽ വീണ് മരിക്കുന്ന ധാരുണമായ സംഭവമുണ്ടായി. കഴിഞ്ഞ ദിവസം വള്ളികുന്നത്ത്  ഒരു കുട്ടി മരണപ്പെട്ടു. കേന്ദ്ര സർക്കാർ കേരളത്തോട് ചിറ്റമ്മ നയം കാണിക്കുന്നുവെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും അഭിപ്രായ വ്യത്യാസമില്ല. ഞങ്ങൾ അതിനോട് യോജിക്കുകയാണ്. പക്ഷേ ഇത് പറയുമ്പോൾ ഭരണപക്ഷം പ്രതിപക്ഷത്തോടുകാണിക്കുന്ന അവഗണന പറയാതിരിക്കാൻ സാധിക്കുന്നില്ല. ബജറ്റിൽ തുക മാറ്റിവയ്ക്കുമ്പോൾ ഭരണപക്ഷ എം.എൽ.എ.-മാർക്ക് ഒരു തുക പ്രതിപക്ഷ എം.എൽ.എ.-മാർക്ക് അതിന്റെ പകുതിപോലും ലഭിക്കുന്നില്ല. ഇത് എന്തൊരു ന്യായമാണ്. ഗ്രാമീണ റോഡുകളുടെ ഫണ്ട് വിതരണത്തിലും അവഗണനയുണ്ടായി. എല്ലാവരേയും ജനങ്ങൾ തിരഞ്ഞെടുത്തുവിടുന്നവരല്ലേ; അവിടെ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർപേഴ്സൺ: അങ്ങ് വഴങ്ങിയതാണോ? അങ്ങയുടെ സമയമാണ് പോകുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, 750 കോടി രൂപ, സി.എം.ഡി.ആർ.എഫ്.-ൽ എത്തിയ പണം നിങ്ങൾ കൊടുത്തതല്ല. അത് ജനങ്ങൾ നൽകിയ പണമാണ്. (...... ബഹളം......)

ചെയർപേഴ്സൺ: ശ്രീ. സി. ആർ. മഹേഷിന്റെ പ്രസംഗത്തിന്റെ സമയമാണ്. അദ്ദേഹം വഴങ്ങിയതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, നവകേരള സദസ്സിന്റെ ഭാഗമായി ഏഴ് കോടി രൂപ ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ പരിഗണനയിലാണ്. ഇതിൽ പക്ഷഭേദം കാണിക്കാതെ, ആ പണത്തിൽ കുറവുവരുത്താതെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിലും ഇത് നൽകണമെന്ന് ആവശ്യപ്പെടുകയാണ്. (......ബഹളം......) ഇത് ആരുടെയും ഔദാര്യമല്ല.

ചെയർപേഴ്സൺ: ചെയറിനെ നോക്കി പ്രസംഗിക്കൂ. പ്രകോപനമുണ്ടാക്കരുത്.

ശ്രീ. സി. ആർ. മഹേഷ്: സർ, പാലക്കാട് വൻസംരംഭമായി ചാരായം

നിർമ്മിക്കുന്നത് അഭിമാനത്തോടുകൂടിയാണ് വകുപ്പുമന്ത്രി അവതരിപ്പിക്കുന്നത്. കുടിവെള്ളം ഊറ്റി മദ്യമാക്കി നൽകുന്നതാണോ സംരംഭം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനുവേണ്ടി ഞങ്ങൾ പൂട്ടിയ ബാറുകളെല്ലാം ഭരണപക്ഷം തുറന്നു. മാത്രവുമല്ല പുതിയ ബാറുകൾ കൂടി തുറന്നിരിക്കുകയാണ്. കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുകയാണ്. സ്വാമി വിവേകാനന്ദൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ കേരളത്തെ ഭ്രാന്താലയം എന്ന് വിളിച്ചതിനുപകരം മദ്യാലയം എന്ന് വിളിക്കുമായിരുന്നു. ഇതിലും ഭേദം കുടിൽ വ്യവസായംപോലെ സർക്കാർ മേഖലയിൽ വാറ്റുംകൂടി പരിപോഷിപ്പിക്കണം. എന്നിട്ട് ചെറുകിട സംരംഭമെന്ന് പേര് നൽകിയാൽ മതി. ഇപ്പോൾ കേന്ദ്ര സർക്കാർ കടലിൽനിന്ന് മണ്ണ് കോരാൻ നടക്കുകയാണ്. കഴിഞ്ഞ പത്ത് വർഷം കൊണ്ട് കര മുഴുവൻ അവർ തോണ്ടി കുളമാക്കിയിരിക്കുകയാണ്. ഇനിയും തോണ്ടാൻ കടലുകൂടി മാത്രമേയുള്ളൂ. ഒന്നാമത് തീരപ്രദേശം വലിയ ആശങ്കയിലാണ്. മത്സ്യത്തിന്റെ ലഭ്യതക്കുറവ്, ഇന്ധന വില വർധനവ്, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ ജനങ്ങളുടെ ജീവിതം അരക്ഷിതാവസ്ഥയിലായ സാഹചര്യത്തിൽ തീരപ്രദേശത്തെ പാവങ്ങളെ ഇരുട്ടടിയിലാക്കുന്ന, അവരെ

ഏറ്റവും കൂടുതൽ വിഷമിപ്പിക്കുന്ന ഈ കടൽതോണ്ടൽ പദ്ധതിയെ ഭരണ-പ്രതിപക്ഷ ഭേദമന്യേ, രാഷ്ട്രീയ വ്യത്യാസമില്ലാതെ തന്നെ എതിർക്കപ്പെടേണ്ടതുണ്ട്. അങ്ങനെ മണ്ണ് കോരുവാൻ ആരെങ്കിലും വന്നാൽ കടലിന്റെ മക്കളുടെ കൈക്കരുത്ത് കോരുന്നവൻ അറിയും. ഒരു തരി മണ്ണ് വാരുവാൻ ഞങ്ങൾ അനുവദിക്കില്ല. എല്ലാ ബജറ്റിലും മൺമറഞ്ഞ മഹാന്മാരുടെ സ്മാരകം നിർമ്മിക്കാൻ ഫണ്ട് വകയിരുത്താറുണ്ട്. പക്ഷെ നിർമ്മാണം കഴിയുമ്പോൾ ഉദ്ദേശിക്കുന്ന വ്യക്തിയുടെ മുഖവുമായി യാതൊരു യോജിപ്പുമുണ്ടാകില്ല. സ്മാരകം പണിഞ്ഞതിനുശേഷം അതുസംബന്ധിച്ച് വലിയ വാർത്തയും ചർച്ചയും നാണക്കേടുമുണ്ടാകാറുണ്ട്. സ്മാരകം പണിതില്ലെങ്കിലും അവരെ അപമാനിക്കരുത്. വാഗ്ദാനങ്ങൾകൊണ്ട് പെരുമഴ പെയ്യിക്കുന്ന ബജറ്റ്, പ്രവർത്തികൊണ്ട് ഒരു ചാറ്റൽ മഴ പോലും പെയ്യിക്കാൻ സാധിക്കാത്ത ഈ ബജറ്റ് നിർദ്ദേശങ്ങളെ ഞാൻ ഒരിക്കൽക്കൂടി ശക്തമായി എതിർക്കുകയാണ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഈ വർഷത്തെ കേന്ദ്ര ബജറ്റ് കണ്ടപ്പോൾ മലയാളത്തിന്റെ പ്രിയപ്പെട്ട കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിന്റെ ചില വരികളാണ് എനിക്ക് ഓർമവന്നത്.

'കപട സ്നേഹിതാ, നിന്നോടുവാസ്തവ-

ക്കവിത ചൊല്ലിപ്പരാജയപ്പെട്ടു ഞാൻ

പല നിറങ്ങളിൽ നിന്റെ മുഖംമൂടി

പല നിലങ്ങളിൽ നിൻ ഞെരിഞ്ഞിൽ കൃഷി

മധുരമാകർഷകം മന്ദഹാസവും

കരുണ മൂടിയ കൺകെട്ടു വിദ്യയും

സുഖദമാത്മ പ്രകാശനം,നാടക-

ക്കളരി തോൽക്കുന്ന ഭാഷയും ഭാവവും.

കപട സ്നേഹിതാ,നിൻ നാട്യ വൈഭവം

കവിത ചൊല്ലി തിരസ്കരിക്കുന്നു ഞാൻ'.

ഞാനിവിടെ പറയാനുദ്ദേശിച്ചത് ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ചാണ്. നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രിയുടെ ആ നാട്യ വൈഭവം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. അതുപറയുമ്പോൾ ഇവർക്ക് അത്ര സുഖിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതായിരിക്കാം ബഹളമുണ്ടാക്കുന്നത്. ചൂരൽമല ദുരന്തത്തിൽ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് നിരാലംബയായ ഒരു പിഞ്ചു കുഞ്ഞിന്റെ അടുത്തുപോലും, ശ്രീ. കരീപ്പുഴ ശ്രീകുമാർ പറയുന്നതുപോലെ

നാടകക്കളരി തോൽക്കുന്ന അഭിനയമല്ലേ രാജ്യത്തിന്റെ പ്രധാനമന്ത്രി അന്ന് കാഴ്ചവച്ചത്. കേരളം മോദി സർക്കാരിന്റെ നിരന്തരമായ അവഗണനയുടെയും രാഷ്ട്രീയ വൈരുദ്ധ്യങ്ങളുടെയും ഇരയാണെന്ന് ഇത്തവണത്തെ കേന്ദ്ര ബജറ്റ് ഒരിക്കൽക്കൂടി ആവർത്തിച്ച് ഉറപ്പിക്കുന്നു. ബജറ്റ് അവതരണത്തിൽ ബീഹാറിന്റെ പേര് അര ഡസൻ തവണയാണ് ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് പരാമർശിച്ചത്. ഒറീസയ്ക്ക് വാരിക്കോരി കൊടുക്കുന്ന ധനകാര്യ വകുപ്പുമന്ത്രി കേരളത്തെക്കുറിച്ച് ഒരക്ഷരം പറഞ്ഞോ; ഒരു രൂപയുടെ സാമ്പത്തിക പിന്തുണ കേരളത്തിന് പ്രഖ്യാപിച്ചോ; ഇത് നിങ്ങളുടെ ഔദാര്യമല്ല, ഞങ്ങളുടെ അവകാശമാണ്. ഇവിടെ മുമ്പ് സംസാരിച്ച ശ്രീ. സി. ആർ. മഹേഷ് പറയുകയുണ്ടായി, ഇത് നിങ്ങളുടെ ഔദാര്യമല്ല ഞങ്ങളുടെ അവകാശമാണെന്ന്. ഈ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയാണ് നമുക്കൊരുമിച്ച് പാർലമെന്റിനുമുന്നിൽ സമരം ചെയ്യാമെന്ന് ഞങ്ങൾ പറഞ്ഞത്. നിങ്ങൾ വന്നോ; അന്ന് നിങ്ങൾ അതിൽനിന്ന് മാറി നിന്നില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും എം.എൽ.എ.-മാരും ഡൽഹിയിലെ തണുപ്പിൽ വിറങ്ങലിച്ചുനിന്ന് സമരം ചെയ്തപ്പോൾ ഈ അവകാശം പറയുന്ന ആൾക്കാർ എല്ലാവരും

എവിടെയായിരുന്നു; എന്നിട്ടിപ്പോൾ അവകാശം പറയാൻ വന്നിരിക്കുകയാണ്. ഈ നിയമസഭയുടെ ഉള്ളിൽ മാത്രമാണോ നിങ്ങൾ അവകാശത്തെക്കുറിച്ച് സംസാരിക്കുന്നത്? ഈ നിലപാട് ഇരട്ടത്താപ്പാണെന്ന് കോൺഗ്രസ് മനസ്സിലാക്കണം. ബി.ജെ.പി.-യുടെ തിരഞ്ഞെടുപ്പ് രാഷ്ട്രീയ സമ്മർദവും പ്രേരണയും ആർക്കും മനസ്സിലാകും. എന്നാൽ അതിന് നൽകേണ്ടിവരുന്ന വില രാജ്യത്തിന്റെ സാമ്പത്തിക ഫെഡറൽ സന്തുലിതാവസ്ഥയുടെ തകർച്ചയാണെന്ന് നിങ്ങൾ ഓർമിക്കണം. ഒരു ലോക്സഭാ സീറ്റും മന്ത്രി പദവിയും കേരളത്തിന് നൽകി, വികസനത്തിന്റെയും നിക്ഷേപത്തിന്റെയും വളർച്ചയുടെയും ദിനങ്ങളെക്കുറിച്ചുള്ള വാഗ്ദാനവും പ്രതീക്ഷയും നൽകി ബി.ജെ.പി. കേരള ജനതയെ എങ്ങനെ കബളിപ്പിച്ചു എന്നതിന്റെ ഉദാഹരണം കൂടിയാണ് ഈ കേന്ദ്ര ബഡ്ജറ്റ്. കേരളത്തിന്റെ ന്യായമായ ആവശ്യങ്ങളോടുപോലും പുറം തിരിഞ്ഞ ഒരു ബജറ്റായിരുന്നു. വയനാട് ദുരന്തത്തിന്റെ ഇരകളോടുള്ള മനുഷ്യത്വ ഹീനമായ ക്രൂരത ബി.ജെ.പി. രാഷ്ട്രത്തിന്റെ മുഖമുദ്രയാണെന്ന് നമ്മെ ഒരിക്കൽക്കൂടി ബോധ്യപ്പെടുത്തുന്നു. മോദി സർക്കാരിന്റെ ഇക്കൊല്ലത്തെ ബജറ്റും തങ്ങൾ കോർപ്പറേറ്റുകളുടേയും അതിസമ്പന്നരുടേയും

വരേണ്യ താൽപര്യ സംരക്ഷകർ മാത്രമാണെന്നും അധികാരം നിലനിർത്താൻ ജനാധിപത്യം, ഫെഡറലിസം തുടങ്ങിയ രാഷ്ട്രീയ മൂല്യങ്ങൾ അട്ടിമറിച്ച് ഏതറ്റം വരെ പോകാനും തങ്ങൾക്ക് മടിയില്ലെന്നുമുള്ള പ്രഖ്യാപിക്കൽ കൂടിയാണിത്. ഇക്കാര്യങ്ങൾക്ക് അടിവരയിടുന്നതാണ് കേരളത്തിൽ നിന്നുള്ള രണ്ട് കേന്ദ്രമന്ത്രിമാരുടെ ചില പ്രസ്താവനകൾ. രണ്ട് ദിവസങ്ങളിലായി കേന്ദ്രമന്ത്രിമാർ നടത്തിയ പ്രസ്താവനകളെ കേരളം എത്ര ആശങ്കയോടുകൂടിയാണ് കേട്ടിരുന്നതെന്ന് നാം ഓർക്കണം. ഇതിലൊരു കേന്ദ്രമന്ത്രി പ്രതിനിധാനം ചെയ്യുന്ന ലോക്സഭാ മണ്ഡലം ഉൾപ്പെടുന്ന ജില്ലയിലെ ഒരു വ്യക്തികൂടിയാണ് ഞാനും. ടി ജില്ലയിൽ നിന്നും കേന്ദ്രമന്ത്രി സ്ഥാനത്തെത്തിയ ഒരാളുടെ വാക്കുകളെക്കുറിച്ച് ഓർക്കുമ്പോൾ ലജ്ജിക്കുകയാണ്. കാരണം ഒരിക്കലും ഒരു സംസ്ഥാനത്തോട് അല്ലെങ്കിൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വിഷയങ്ങളിന്മേൽ അത്തരത്തിലൊരു പ്രതികരണമുണ്ടാകാൻ പാടില്ലായിരുന്നു. കേരളം പിന്നാക്കാവസ്ഥയിലാണെന്ന് പ്രഖ്യാപിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. കേന്ദ്രസഹായം ലഭിക്കണമെങ്കിൽ എല്ലാ അർത്ഥത്തിലും കേരളം പിന്നാക്കാവസ്ഥ അംഗീകരിച്ചുകൊടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്.

ഒരു സംസ്ഥാനത്തിന്റെ നേട്ടങ്ങൾ മറച്ചുവച്ചുകൊണ്ട് യാതൊന്നും നേടിയിട്ടില്ലെന്ന എന്ന രീതിയിൽ കേന്ദ്രത്തിന് മുന്നിൽ അടിയറവ് പറയണമെന്നാണ് ഒരു കേന്ദ്രമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത്. റോഡുകളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ, 2016 മുതലുള്ള ഇടതുപക്ഷ സർക്കാരിന്റെ കാലയളവ് മാത്രം പരിശോധിച്ചാൽ, അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നാളിതുവരെയുണ്ടായിട്ടുള്ളതിന്റെ ഏറ്റവും വലിയ വികസനക്കുതിപ്പാണ് റോഡുകളുടേയും പാലങ്ങളുടേയും കാര്യത്തിൽ കേരളത്തിലുണ്ടായിട്ടുള്ളതെന്ന കാര്യം ആർക്കാണറിയാത്തത്; പഴയ രീതിയിലുള്ള റോഡുകളിലൂടെയാണോ കേന്ദ്രമന്ത്രി ഇപ്പോൾ കേരളത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളെ എന്തുകൊണ്ടാണ് അദ്ദേഹത്തിന് അംഗീകരിക്കാൻ കഴിയാത്തത്? അദ്ദേഹത്തിന്റെ രീതി ഒരിക്കലും ഒരു കേന്ദ്രമന്ത്രിക്ക് യോജിച്ചതല്ല. വിദ്യാഭ്യാസ മേഖലയുടെ കാര്യമെടുക്കുകയാണെങ്കിൽ, കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നാക്കമാണെന്ന് അംഗീകരിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ നടക്കുന്ന നവീകരണപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന

മേഖലയിലുണ്ടായിട്ടുള്ള പുരോഗതിയും എടുത്തുപറയേണ്ടതാണ്. സബ്മിഷന് മറുപടിയായി വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. 2016 മുതൽ നാളിതുവരെ എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം പദ്ധതി എന്നിങ്ങനെ ബജറ്റ് പ്രഖ്യാപനങ്ങൾ യഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കേന്ദ്രമന്ത്രി അറിയാതെ നടക്കുന്ന കാര്യങ്ങളാണോ? പൊതുവിദ്യാഭ്യാസ മേഖല മാത്രമല്ല ഉന്നത വിദ്യാഭ്യാസ മേഖലയും ഇതിലുൾപ്പെടുന്നു. ഗവർണറെ കൊണ്ടുവന്ന് ഇവിടത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കാനുള്ള സകല പണികളും നോക്കിയിട്ടും ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം തകരാതെ പിടിച്ചുനിന്നതിന്റെ പ്രതികാരം തീർക്കുന്ന തരത്തിലാണ്, വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നാക്കമാണെന്ന് സ്വയം പ്രഖ്യാപിക്കണമെന്നുള്ള തീട്ടൂരം കേന്ദ്രമന്ത്രി കേരളത്തിന് നൽകുന്നതെന്ന് നാം മനസിലാക്കേണ്ടിയിരിക്കുന്നു. കൂടാതെ സാമൂഹികമായി നാം പിന്നാക്കാവസ്ഥയിലാണെന്നതും അംഗീകരിക്കണമെന്നാണ് പറയുന്നത്.

കേരളം സാമൂഹികപരമായി പിന്നാക്കമാണെന്ന് അംഗീകരിച്ചാൽ പിന്നെ ഇന്ത്യയിലെ ഏത് സംസ്ഥാനമാണ് സാമൂഹികപരമായി പിന്നാക്കമുള്ളത്. സ്വാമി വിവേകാനന്ദൻ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ അദ്ദേഹം എന്തുപറയുമായിരുന്നെന്ന് ശ്രീ. സി. ആർ. മഹേഷ് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ജാതിക്കോമരങ്ങൾ നിറഞ്ഞാടിയിരുന്ന സമയത്താണ് കേരളത്തെ ഭ്രാന്താലയമെന്ന് സ്വാമി വിവേകാന്ദൻ വിശേഷിപ്പിച്ചത്. നവോത്ഥാന നായകരുടേയും സാമൂഹിക പരിഷ്കർത്താക്കളുടേയും പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ മനസ്സിൽ നിന്ന് അത്തരത്തിലുള്ള ജാതി ചിന്തകളുടെ ഇരുട്ട് മാറി വെളിച്ചമെത്തിയത് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി അറിയുന്നില്ലേ; മരണപ്പെട്ടാൽ കുഴിച്ചിടാൻ ആറടി മണ്ണുപോലും അവകാശപ്പെടാനില്ലായിരുന്ന ജനങ്ങൾക്ക് ഇന്ന് സ്വന്തമായി വീടും കിടക്കാൻ ഇടവും നൽകിയ ഇടതുപക്ഷത്തിന്റെ ഒന്നാം മന്ത്രിസഭ തൊട്ടുള്ള പ്രവർത്തനങ്ങൾ കേന്ദ്രമന്ത്രി അറിയാതെയാണോ പോകുന്നത്. പണ്ട് ജാതിയിൽ താഴെയെന്ന് മുദ്രകുത്തി അക്ഷരാഭ്യാസം അനുഭവിക്കാൻ അവകാശമില്ലാതിരുന്ന ഒരു കൂട്ടം ജനങ്ങളെ അക്ഷരത്തിന്റെ വെളിച്ചത്തിലേയ്ക്ക് നയിക്കാൻ ശ്രീനാരായണ ഗുരുവിന്റെയും

അയ്യങ്കാളിയുടേയും മറ്റ് നവോത്ഥാന നായകരുടേയും സാമൂഹിക പരിഷ്കർത്താക്കളുടേയും പരിശ്രമമുണ്ടായിരുന്നെന്നും ആയതിന്റെ ഫലമായാണ് ഇന്ന് അക്ഷരത്തിന്റെ അറിവ് ഞാനൾപ്പെടെയുള്ള സമൂഹത്തിന് ലഭിച്ചതെന്നും കേന്ദ്രമന്ത്രി അറിയാതെ പോകുകയാണോ. അവരുടെ മനസ്സിനുള്ളിൽ ഇപ്പോഴും അധമവികാരം തഴച്ച് വളർന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു കേന്ദ്രമന്ത്രിയുടെ പ്രസ്താവനയും ഇതേരീതിയിലുള്ളതാണ്. ഗോത്രവർഗത്തിന്റെ വകുപ്പുകൾ ഉന്നതകുലജാതർക്ക് കൈമാറണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ത്യയിലെ ഉന്നത കുലജാതർ ആരാണെന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല. ഇവിടെ എല്ലാവരും സമന്മാരാണ്. ഇന്ത്യയെന്ന ജനാധിപത്യരാജ്യത്ത് ആരാണ് ഉന്നത കുലജാതർ; ഉന്നതകുലത്തിൽ ജനിച്ചവർക്കുമാത്രമേ ഭരിക്കാനറിയാവൂ എന്നുണ്ടോ; അവർക്കുമാത്രമേ അതിനുള്ള അറിവുള്ളെന്നുണ്ടോ. ഇപ്പോഴും സവർണ്ണ മനോഭാവവുമായി നടക്കുന്ന മേലാളന്മാരുടെ വാക്കുകൾ കേരളത്തിലുള്ളവർ പുച്ഛിച്ചുതള്ളുകയാണ്. ഒരു ഉന്നത കുലജാതനും ഇവിടെയില്ല. എല്ലാവരും സമന്മാരാണ്. ഭരണഘടനയാണ് ഞങ്ങളെ മുന്നോട്ട് നയിക്കുന്നത്. ഭരണഘടനയിൽ

എല്ലാവരും സമന്മാരാണ്. ഭരണഘടന എഴുതിയതാരാണെന്നും ഭരണഘടനാ അസംബ്ലിയിലുണ്ടായിരുന്ന ദാക്ഷായണി വേലായുധൻ ആരാണെന്നും നമ്മൾ മറന്നുപോകരുത്. ഈ ഭരണഘടനയാണ് ഞങ്ങളെ മുന്നോട്ടുനയിക്കുന്നത്. ഭരണഘടനയിൽ ഉന്നത കുലജാതരില്ല. സംവരണാനുകൂല്യം മാറ്റണമെന്ന് ചിലർ വാദിക്കാറുണ്ട്. സംവരണ വിഭാഗക്കാർക്ക് യാതൊന്നും അറിയില്ലെന്നാണോ; ഞങ്ങൾക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. അയ്യങ്കാളിയുടെയും ശ്രീനാരായണ ഗുരുദേവന്റെയും സാമൂഹിക പരിഷ്കർത്താക്കളുടെയും പ്രവർത്തനത്തിന്റെ ഫലമായി ഞങ്ങളുടെ തലമുറകൾക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. നമ്മുടെ ഭരണഘടനയും ഇവിടത്തെ മറ്റ് നിയമങ്ങളും പഠിക്കാനുള്ള കഴിവും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. തങ്ങൾ മാത്രമാണ് ഭരിക്കാൻ യോഗ്യരെന്ന് പറയാൻ ആർക്കാണിവിടെ അവകാശമുള്ളത്; അത്തരത്തിലുള്ള പ്രസ്താവനകൾ പൂർണമായും പിൻവലിച്ച് കേന്ദ്രമന്ത്രിമാർ നാടിനോട് മാപ്പ് പറയണം.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്..

ശ്രീമതി സി. കെ. ആശ: സർ, ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കാം. കേന്ദ്രത്തിൽ ഇത്തരത്തിലുള്ള

കാര്യങ്ങളാണെങ്കിലും നമ്മുടെ ബജറ്റ് ശ്രീ. സി. ആർ. മഹേഷ് പറഞ്ഞതുപോലെയൊന്നുമല്ല, കേരളത്തിലെ ബജറ്റ് പ്രതീക്ഷാനിർഭരമാണ്. ഉദിച്ച് നിൽക്കുന്ന സൂര്യനെ നിങ്ങൾ പഴമുറം കൊണ്ട് മറയ്ക്കുന്നതുപോലെയാണ് ഇന്ന് കേരളത്തിലെ ബജറ്റിനെ പറ്റി പറയുന്നത്. നവകേരള സദസ്സിൽ പക്ഷപാതമുണ്ടെന്ന് ശ്രീ. സി. ആർ. മഹേഷ് പറയുമ്പോൾ നിങ്ങൾ മനസ്സിലാക്കണം, ഞങ്ങൾ എം.എൽ.എ.-മാരെല്ലാം നവകേരള സദസ്സിനെ വിജയിപ്പിക്കാനായി നിൽക്കുമ്പോൾ അത് തകർക്കാനല്ലേ നിങ്ങൾ ശ്രമിച്ചത്. വിഹിതത്തിൽ പക്ഷപാതം പാടില്ലെന്ന് പറയാനുള്ള എന്ത് അർഹതയാണ് നിങ്ങൾക്കുള്ളത്? ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പണ്ടും ഉണ്ടായിരുന്നു. നിങ്ങളുടെ ഭരണകാലത്ത് ഞങ്ങൾക്ക് അഞ്ചുകോടി രൂപ മാത്രം കിട്ടുമ്പോൾ മുന്നൂറ്റി അറുപത് കോടി രൂപവരെ കൊണ്ടുപോയ മണ്ഡലങ്ങൾ കോട്ടയം ജില്ലയിൽ തന്നെയുണ്ടെന്ന് ഞങ്ങൾക്ക് അറിയാം. അതുകൊണ്ട് ഇപ്പോൾ മാത്രമല്ല പക്ഷാപാതമുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുപോലെതന്നെ വൈക്കത്തിന് ബജറ്റിൽ നൽകിയ പിന്തുണയ്ക്ക് ഞാൻ പൂർണ്ണമായും നന്ദി അറിയിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മാക്കേക്കടവ്-നേരേകടവ്

പാലം നിർമ്മാണത്തിനുവേണ്ടി നൂറ് കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു. ഇപ്പോൾ 43 കോടി രൂപകൂടി അധികം അനുവദിക്കുകയും അതിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടക്കുന്ന സന്ദർഭത്തിൽ നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന് വീതി കൂട്ടേണ്ടത് അത്യാവശ്യമാണ്. അതുകൂടി ഈ ബജറ്റിന്റെ ഭാഗമായി പരിഗണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സംസ്ഥാന സർക്കാർ ജീവനക്കാരുടെ മേഖലയിൽ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബജറ്റിലും ഈ ബജറ്റിലുമുണ്ടായ പ്രഖ്യാപനങ്ങളിൽ സർക്കാർ ആത്മാർത്ഥയോടെ അടിയന്തര നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു. സ്കൂളിലെ പാചക തൊഴിലാളികളുടെ വിഷയംകൂടി പറയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ സബ്മിഷന്റെ മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി ഇക്കാര്യത്തിൽ മറുപടി പറഞ്ഞു. കേന്ദ്ര വിഹിതം നമുക്ക് ലഭിക്കുന്നില്ലെങ്കിലും അതത് മാസങ്ങളിൽ അവർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നതിനുവേണ്ടി ബജറ്റിൽ തുക വകയിരുത്തണമെന്നുകൂടി

അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ ബജറ്റിനെ ശക്തിയുക്തം എതിർക്കുന്നു. കേരളത്തിന് നിരാശ നൽകിയതിനോടൊപ്പം കാസർഗോഡ് ജില്ലയോട് അതീവ അവഗണന കാണിച്ചൊരു ബഡ്ജറ്റ് കൂടിയാണ്. കാസർഗോഡിലെ പ്രശസ്തനായ കന്നഡ മഹാകവി ശ്രീ. കയ്യാർ കിഞ്ഞണ്ണ റായ്-യുടെ പ്രശസ്തമായ ഒരു കവിതയുണ്ട്.

ബെങ്കി ബിദ്ധിതെ മനെഗെ
ഓ വേഗ ബന്നി
എല്ലെല്ലോ എദ്ധെദ്ധു
ഓടോടി ബന്നി
കന്നഡ ഗഡികായു
ഗുഡികായു
നഡി കായു
കായലാരെനെ സ്വയെ
ഓ ബന്നി ബെങ്കി ബിദ്ധി ദെ മനെഗെ

എന്ന് പറയുന്നത് അമ്പതു വർഷങ്ങൾക്കുമുമ്പ് മഹാകവി ശ്രീ. കയ്യാർ കിഞ്ഞണ്ണ റായ് കാസർഗോഡിന്റെ അനീതിക്കെതിരെ ശബ്ദിച്ച ഒരു കവിതയായിരുന്നു. കേന്ദ്ര ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ച സമയത്ത് ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി മീഡിയകൾക്ക് മുമ്പിൽ ചോദിച്ച

കേരളം ഇന്ത്യയിൽപ്പെട്ടതല്ലേയെന്ന്. കാസർഗോഡും മഞ്ചേശ്വരവും കേരളത്തിന്റെ ഭാഗമല്ലേയെന്ന് ഞാൻ ധനകാര്യമന്ത്രിയോട് ചോദിക്കാൻ ആഗ്രഹിച്ചുപോകുകയാണ്. അതിർത്തിയിലെ മഞ്ചേശ്വരം പോലുള്ള ഞങ്ങളുടെ മണ്ഡലങ്ങൾ ഫാസിസത്തോട് ശക്തമായി പടപൊരുതി വരുന്ന മേഖലയാണ്. കേന്ദ്രത്തിന്റെ അവഗണനയെക്കുറിച്ചും യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഒന്നിച്ച് നിൽക്കേണ്ട ആവശ്യകതയെക്കുറിച്ചും ബഹുമാന്യനായ ധനമന്ത്രി സഭയിൽ എപ്പോഴും പരാമർശിക്കും. ഈ ബജറ്റിൽ ധനകാര്യമന്ത്രിയുടെ പ്രസംഗം തുടങ്ങി അവസാനിക്കുന്നതുവരെ കൊതിയോടുകൂടി കാത്തുനിന്നത് കാസർഗോഡിന്റെ പേര് ഒരു പ്രാവശ്യമെങ്കിലും ഉച്ചരിക്കുമോയെന്ന് ആഗ്രഹിച്ചിരുന്ന ഒരു അംഗമായിരുന്നു. കഴിഞ്ഞ മൂന്ന് ബജറ്റുകളിലും അദ്ദേഹം കുട്ടനാട് പാക്കേജും ഇടുക്കി പാക്കേജും പറയുന്ന കൂട്ടത്തിൽ കാസർഗോഡിന്റെ പാക്കേജിന്റെ പേരെങ്കിലും പറയുമായിരുന്നു, ഇപ്രാവശ്യം അതുമില്ലാതായി. കാസർഗോഡ് പാക്കേജ് എന്ന് പറയുന്നത് ബഹുമാന്യനായ രമേശ് ചെന്നിത്തല കാൽനട യാത്ര നടത്തി ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിന് സമർപ്പിച്ച ഒരു പദ്ധതിയിൽ ലഭിച്ച ഫണ്ടാണ് ഞങ്ങൾ അഞ്ച് എം.എൽ.എ.-മാർ വീതം

വച്ച് സ്കൂളുകൾക്കും വികസന ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. യു.ഡി.എഫ്. പ്രഖ്യാപിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന് ഒരു ചില്ലി കാശുപോലും നീക്കിവയ്ക്കാത്ത ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റാണിത്. ഇപ്പോഴും ഒരുപാട് ആളുകൾ മരിച്ചുവീഴുന്ന രോദനത്തിന്റെ, ദൈന്യതയുടെ എൻഡോസൾഫാൻ രോഗികളുടെ, കാസർഗോഡിന്റെ കഥ എല്ലാവർക്കും അറിയാം. ആ എൻഡോസൾഫാൻ രോഗികളുടെ കാര്യത്തിൽ പതിനേഴ് കോടി രൂപ നീക്കിവച്ചുയെന്നല്ലാതെ അവരെ ആശ്വസിപ്പിക്കുന്ന, ചേർത്ത് നിർത്തുന്ന ഒരുപദ്ധതിപോലും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം, എന്റെ ജില്ലയിലെ എൻഡോസൾഫാൻ രോഗികൾക്ക് അവരുടെ ആവശ്യങ്ങൾ ചോദിക്കുന്നതിനുവേണ്ടിയുള്ള സെല്ലിന്റെ മീറ്റിങ് വിളിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. ഈ മീറ്റിങ് എങ്കിലും വിളിച്ചു ചേർക്കാൻ അങ്ങ് ഇടപ്പെടണമെന്ന് ആവശ്യപ്പെടുകയാണ്. കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ആരംഭിക്കുന്ന NH-ന്റെ കാര്യം എപ്പോഴും മുഖ്യമന്ത്രിയും മന്ത്രിമാരും ഒക്കെ അഭിമാനത്തോടുകൂടി പറയാറുണ്ട്. ഞങ്ങൾ ഈ സഭയിൽ ഹൈവേ ആരുടേതെന്ന് ചോദിക്കുമ്പോൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ

ഏറ്റവും മികച്ച നേട്ടമായി, അഭിമാനത്തോടുകൂടി നിങ്ങൾ പറയും. പക്ഷേ ഹൈവേയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഒരു ഇടപ്പെടലും ഇതുവരെയുണ്ടായിട്ടില്ല. കേരളത്തിന്റെ ഭൂപടത്തിൽ ഒരു സ്ഥലത്തും ഒന്നാം നിലയിൽ ഒരു താലൂക്ക് ഓഫീസുണ്ടാകില്ല. ഞാൻ എന്റെ കന്നി പ്രസംഗം മുതൽ ഈ ബജറ്റിൽ സംസാരിക്കുന്നതുവരെ മഞ്ചേശ്വരം താലൂക്കിൽ ഒരു മിനി സിവിൽ സ്റ്റേഷനുവേണ്ടി ഫണ്ട് നീക്കിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൂറോളം പ്രാവശ്യം മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സമീപിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിച്ച രോഗികൾ തഹസീൽദാരെ കാണാൻ വന്നാൽ തഹസീൽദാർ താഴെ ഇറങ്ങി അവരുടെ പരാതികൾ സ്വീകരിക്കേണ്ട ഗതികേടാണ് നിലവിലുള്ളത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലേക്ക് ഇതുസംബന്ധിച്ച് പരാതി പോയിരിക്കുകയാണ്. മറ്റൊരു കാര്യം, മഞ്ചേശ്വരം-കുമ്പള പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പൊലീസ് സ്റ്റേഷൻകൂടി ആവശ്യപ്പെട്ട് നിരന്തരമായി സമീപിച്ചിട്ടും ഇതുവരെയും ലഭിച്ചിട്ടില്ല. ഒരു മാസംമുമ്പ് ആക്സിഡന്റിൽ മരിച്ച ബായാർ പദവിലെ മുഹമ്മദ് ആസിഫിന്റെ കുടുംബം മുഖ്യമന്ത്രി, ഡി.ജി.പി.,

മന്ത്രിയോടുമെല്ലാം കൊലപാതകമാണെന്ന് സംശയം പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് എന്റെ മണ്ഡലത്തിൽ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നിങ്ങൾ എന്ത് പറയുമ്പോഴും ഞങ്ങൾ ബി.ജെ.പി.-ക്ക് എതിരെയാണ്, കേന്ദ്രം ഞങ്ങളെ അവഗണിക്കുന്നുയെന്ന് പറയുമ്പോൾ മതേതര കേരളത്തിന്റെ അഭിമാനം ഓരോ നിയമസഭയിലും കാത്തു സൂക്ഷിക്കുന്ന, മതേതരത്വത്തിന്റെ മികച്ച മെസ്സേജ് നൽകുന്ന മേഖലയെ ചേർത്തു നിർത്തേണ്ട ബാധ്യത നിങ്ങൾക്കില്ലേ. എന്റെ നാട്ടിൽ സാധാരണ സംസാരിക്കുമ്പോൾ തുളുവിൽ പറയും. 'മരത്തടിയെ പോണക തരേ ദേർത്ത് ത്തുവോടുഗേ' എന്ന് പറയുന്നൊരു വാക്യമുണ്ട്. അതുപോലെയാണ് ഈ ബജറ്റിൽ എപ്പോഴും ഞങ്ങളോട് കാണിച്ചുകൊണ്ടിരിക്കുന്നത്. ഈ ബജറ്റിൽ കാസർഗോഡിനെയും മഞ്ചേശ്വരത്തെയും പ്രത്യേക രീതിയിൽ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ നാട്ടുകാർ മൂന്ന് ബജറ്റാണ് കാണാറുള്ളത്. ഒന്ന്, കേന്ദ്ര ബഡ്ജറ്റ്. രണ്ട്, കേരള ബഡ്ജറ്റ്. മറ്റൊന്ന്, കർണ്ണാടകയിലെ ശ്രീ. സിദ്ധരാമയ്യയുടെ ഗവൺമെന്റ്. തൊട്ടടുത്ത സംസ്ഥാനത്ത് എത്ര മനോഹരമായിട്ടാണ് ബി.ജെ.പി.-ക്കെതിരെ നെഞ്ച്

വിരിച്ച് പടപൊരുതുന്ന ശ്രീ. ഡി. കെ. ശിവകുമാറിന്റെ സംസ്ഥാനം ഒരു ജനതയെ കൊണ്ടുപോകുന്നത്. അതുകൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ബജറ്റിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ബജറ്റ് നിർദേശങ്ങളെ എതിർക്കുകയാണ്. സാധാരണക്കാരെ പൂർണ്ണമായും മറന്നുകൊണ്ടുള്ള ബജറ്റാണ് ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ക്ഷേമ പെൻഷൻ വർധിപ്പിക്കുകയോ, ആശാ-അങ്കണവാടി വർക്കർമാരുടെ വേതന വർധനവോ, തൊഴിലുറപ്പ് തൊഴിലാളികളുടെ സംരക്ഷണമോ ഒന്നും ഈ ബജറ്റിൽ നമുക്ക് കാണാൻ കഴിയുന്ന സാഹചര്യമില്ല. ഭൂനികുതി വർധിപ്പിച്ചതും കോടതി ഫീസ് വർധിപ്പിച്ചതും അടക്കമുള്ള കാര്യങ്ങൾ നമ്മൾ പരിശോധിച്ച് കഴിഞ്ഞാൽ എത്രമാത്രം ജനവിരുദ്ധമാണ് ഈ ബജറ്റ് എന്ന് നമുക്ക് കാണാൻ കഴിയും. റബ്ബർ കർഷകരുടെ കാര്യത്തിൽ ഇത്തവണയും അങ്ങ് കഴിഞ്ഞ പ്രാവശ്യത്തെപോലെതന്നെ പത്ത് രൂപയാണ് വർധിപ്പിച്ചിട്ടുള്ളത്. ഇത് ആരുടെ കണ്ണിൽ പൊടിയിടാനാണ്. ഇതിലൂടെ കർഷകർക്ക് എന്ത് പ്രയോജനമാണ് ലഭിക്കുന്നതെന്ന് അങ്ങ്

പരിശോധിച്ചിട്ടുണ്ടോ? ഉൽപാദന ചെലവുകൾക്കനുസൃതമായും മറ്റ് ചെലവുകൾ കണക്കാക്കിയും റബറിന്റെ അടിസ്ഥാന വില 250 രൂപയായെങ്കിലും നിർണയിക്കപ്പെടേണ്ടതാണ്. ഇക്കാര്യം ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ളതാണ്. മാത്രമല്ല, ഈ സർക്കാരിന്റെ അവസാന സമ്പൂർണ്ണ ബജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിൽപോലും കർഷകരെ സംരക്ഷിക്കാനോ അവരെ ചേർത്ത് നിർത്താനോ കഴിയുന്ന രീതിയിലുള്ള യാതൊരു ഇടപെടലും നടത്തിയിട്ടില്ല. അതുകൊണ്ട് പൊള്ളയായ പ്രഖ്യാപനങ്ങളിലൂടെ മുന്നോട്ടുപോകുന്ന ബജറ്റെന്ന നിലയിൽമാത്രമെ ഇതിനെ നോക്കി കാണാൻ സാധിക്കുകയുള്ളൂവെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. സമയക്കുറവുമൂലം മറ്റ് വിഷയങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ബജറ്റിൽ എല്ലാ നിയോജകമണ്ഡലങ്ങളുടെയും കാര്യത്തിൽ നീതിയുക്തമായ സമീപനമുണ്ടാകണം. ഇവിടെ ചൂണ്ടികാട്ടിയതുപോലെ ഭരണകക്ഷി എം.എൽ.എ.-മാർക്ക് കൂടുതൽ ഫണ്ടും പ്രതിപക്ഷ എം.എൽ.എ.-മാർക്ക് കുറഞ്ഞ ഫണ്ടും അനുവദിക്കുന്നുവെന്നത് പൂർണ്ണമായ വിവേചനമാണ്. ഒരിക്കലും അങ്ങയുടെ ഭാഗത്തുനിന്നും അങ്ങനെയുണ്ടാകാൻ പാടില്ല. എന്റെ

നിയോജമണ്ഡലത്തിൽ അഞ്ച് പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾക്കായി ഒരു രൂപ പോലും ബജറ്റിൽ വകയിരുത്തിയിട്ടില്ല. അതിൽ എന്ത് ന്യായീകരണമാണ് അങ്ങേയ്ക്ക് പറയാനുള്ളത്. അങ്ങ് പറഞ്ഞതനുസരിച്ച് ഞാൻ ഉൾപ്പെടെയുള്ള സാമാജികർ 30 റോഡുകളുടെ ലിസ്റ്റ് നൽകിയില്ലേ? ഇത്തരത്തിലുള്ള ഭരണ-പ്രതിപക്ഷ വിവേചനം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ നിതിയുക്തമായ സമീപനമുണ്ടാകണം. ഇതെല്ലാം നികുതി പണമാണല്ലോ; ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതുപോലെ മറ്റെവിടെനിന്നെങ്കിലും എടുത്തുകൊണ്ടുവരുന്ന പണമല്ലല്ലോ; നികുതി പണമല്ലേ? അത് 140 മണ്ഡലത്തിലേക്കും തുല്യമായി അനുവദിക്കാനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. അങ്ങ് സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. എല്ലാ പ്രാവശ്യവും ചട്ടപ്രകാരം 4 മുതൽ 6 കോടി രൂപവരെ ഇതിനായി വകയിരുത്താറുണ്ട്. പക്ഷേ, അതുകൊണ്ട് യാതൊരു കാര്യവുമില്ല.

പ്രധാനപ്പെട്ട പ്രോജക്ടുകൾ അവഗണിക്കപ്പെടുകയാണ്. ടി പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പല പ്രവൃത്തികളും ഇന്ന് പൂർണ്ണതയിലേക്കെത്തിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ ദിവസം അതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. കിഫ്ബിയിലൂടെ 5 വർഷം കൊണ്ട് തീർക്കുമെന്ന് പ്രഖ്യാപിച്ച പ്രവൃത്തികൾ 10 വർഷത്തോടടുക്കുമ്പോഴും പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കിഫ്ബിയെക്കുറിച്ചുള്ള ഗവൺമെന്റിന്റെ കണക്കുകൂട്ടൽ പൂർണ്ണമായി തെറ്റിയിരിക്കുന്നു. ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ കിഫ്ബി റോഡുകൾക്ക് ടോൾ ഏർപ്പെടുത്തുമോ ഇല്ലയോ എന്ന വാർത്തയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായൊരു മറുപടി നൽകിയില്ല. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നയമെന്താണെന്ന് മറുപടി പ്രസംഗത്തിലൂടെ വ്യക്തമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബജറ്റ് നിർദേശങ്ങളെ ഞാൻ എതിർക്കുകയാണ്.